മീറ്റർ റെന്റ് പിൻവലിക്കണമെന്ന ആവശ്യം.

* 404. [11] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇലക്ട്രിസിറ്റി മീറ്ററുകൾക്ക് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള മീറ്റർ റെന്റ് പിൻവലിക്കണമെന്ന ആവശ്യം തിരുവനന്തപുരം സിറ്റിയിൽ വിവിധ ഭാഗങ്ങളിൽനിന്നും ഉന്നയിച്ചിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മീറ്റർ റെന്റ്, ഇലക്ട്രിസിറ്റി ബോർഡിൽ നിന്നു് പിൻവലിക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) ഫ്യൂസ് കാൾ ഒന്നിനു് ഒരു രൂപാ ക്രമത്തിൽ ഈടാക്കിയിരുന്നതിനു പകരമാണു് ഇപ്പോൾ മീറ്റർ ഫയർ ഇനത്തിൽ 50 നയാപൈസയും സർവ്വീസ് ചാർജ്ജു് ഇനത്തിൽ 50 നയാപൈസയും ഈടാക്കിവരുന്നതു്. ഇതു് പിൻവലിക്കുവാൻ നിവൃത്തിയില്ലാ എന്നാണു് ബോർഡിന്റെ നിലപാടു്. എങ്കിലും നിവേദനങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ബോർഡു പരിഗണിക്കുന്നതാണു" എന്നു് അറിയിച്ചിട്ടുണ്ടു്.

ശ്രീ. കെ. അനിരുദ്ധൻ : തിരുവനന്തപുരം കാർപ്പറേഷൻ മേയർ അദ്ധ്യക്ഷനായി തിരുവനന്തപുരത്തുവച്ചു് ഇവിടത്തെ പൗരന്മാരുടെ ഒരു യോഗം കൂടുകയും അതിൽ ഇക്കാര്യം പരിഗണിക്കണമെന്നു് ഗവണ്മെന്റിനോടു് ആവശ്യപ്പെടുന്ന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. ആ പ്രമേയം ഗവണ്മെന്റിലേയ്ക്കു് അയച്ചിട്ടുണ്ടു്. അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെന്തെങ്കിലും മറുപടി ഗവണ്മെന്റിൽനിന്നും കാർപ്പറേഷനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള വല്ല നിവേദനവും ഗവണ്മെന്റിലേയ്ക്കു അയച്ചിട്ടുണ്ടെങ്കിൽ അതു് ഗവണ്മെന്റിൽ കിട്ടിയിരിക്കും. ഗവണ്മെന്റിലേയ്ക്കു് എന്തെങ്കിലും നിവേദനം ഇലക്ട്രിസിറ്റിയെ സംബന്ധിച്ചുള്ളതു് കിട്ടിയാൽ അതു് ബോർഡിനു അയച്ചുകൊടുക്കും. അതിലെന്തെങ്കിലും തീരുമാനം ബോർഡിൽനിന്നും എടുത്തിട്ടുണ്ടോയെന്നറിഞ്ഞുകൂടാ.

ശ്രീ. പി. വിശ്വംഭരൻ: മുമ്പാണെങ്കിൽ ഫ്യൂസ്കാളിനു് വേണ്ടി രണ്ടു രൂപയാണു് ചാർജ്ജു് ഈടാക്കിയിരുന്നതു്. ഇപ്പോൾ അതിനു് പകരമായിട്ടു് ഒരു വർഷത്തിൽ 12 രൂപയാണു് ഈടാക്കുന്നതെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : മുമ്പു് രണ്ടു രൂപയാണു് കൊടുത്തിരുന്നതു് എന്നു് നിശ്ചിതമായി പറയാൻ നിവൃത്തിയില്ല. ഫ്യൂസ്കാളിനു് കേടുസംഭവിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഓരോ രൂപ ഈടാക്കും. അതിന്റെ ഫലമായി ചിലപ്പോൾ രണ്ടു രൂപയിൽ കൂടുകയും ചെയ്യും. അതിനു പകരമായിട്ടാണു് ഇപ്പോൾ മാസംതോറും 50 നയാപൈസ സർവ്വീസ് ചാർജ്ജായും, അൻപതു് നയാപൈസ ഫ്യൂസ്കാളായും ഈടാക്കുന്നതു്.

ശ്രീ. പി. കെ. അബ്ദുൽഖാദർ : ആദ്യമേതന്നെ മീറ്റർ വീടുകളിൽ കൊണ്ടുവയ്ക്കുമ്പോൾ അതിന്റെ വിലയായി പതിനഞ്ചും ഇരുപതും രൂപ വസൂലാക്കുന്നുണ്ടു്. അങ്ങനെയുള്ളവരിൽനിന്നും മീറ്റർറെന്റു ഈടാക്കുന്നതു് ശരിയാണോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ മീറ്ററിനു് വില വാങ്ങിയിട്ടുണ്ടോയെന്നു് അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല. മുമ്പു അങ്ങനെ വാങ്ങിയിരുന്നുവെങ്കിലും, പഴയ മീറ്ററുകൾ എല്ലാം തന്നെ കൂടക്കൂടെ മാറ്റിവയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഫ്യൂസ്കാളിനു് വേണ്ടിയാണു് മാസം തോറും 50 നയാപൈസവീതം ഈടാക്കുന്നുവെന്നു പറഞ്ഞതു്. എന്നാൽ അങ്ങനെ കൊടുക്കുകയും വേണം, ഫ്യൂസ്കാളിനു് കേടുസംഭവിക്കുമ്പോൾ അതു് മാറിവയ്ക്കുന്നതുകൊണ്ടു് നഷ്ടം സംഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പകരം ഫ്യൂസ്കാരം വെയ്ക്കുന്നതിനാണു് മാസം 50 പൈസാവീതം ഈടാക്കുന്നതു്. അല്ലാതെ വേറെ എന്തെങ്കിലും നഷ്ടമുള്ളതായിട്ടു് തോന്നുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ് : മീറ്റർ റെന്റിന്റെ കാര്യമായാലും, എന്തായാലും ശരി ഇപ്പോൾ ഇന്നു് ഹൗസ്കൺസംപ്ഷനു് കൊടുക്കേണ്ടിവരുന്ന ഇലക്ട്രിസിറ്റിയുടെ ചാർജ്ജു് വളരെ ദുർവഹമായിട്ടുള്ളതാണെന്നുള്ള സത്യം മനസ്സിലാക്കി, അതിനൊരു പരിഹാരം കാണുന്നതിനു് ഗവണ്മെന്റിൽ നിന്നും ധൈര്യമായിട്ടു് നടപടികളും നടത്താൻ തയാറാകുമോ ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റിനു് ഇക്കാര്യത്തിൽ നടപടികളെടുക്കാനുള്ള ധൈര്യമില്ല. ഇലക്ട്രിസിറ്റി ചാർജ്ജു് ഡൊമസ്റ്റിക് കൺസംപ്ഷനായാലും, ഇൻഡസ്ട്രിയൽ കൺസംപ്ഷനായാലും വളരെ ദുർവഹമായ രീതിയിലാണു് ഇവിടെനിന്നും പിരിക്കുന്നതെന്നു് തോന്നുന്നില്ല. കാരണം ഇതിനേക്കാളും എത്രയോ ദുർവഹമായ രീതിയിലാണു് മറ്റു സംസ്ഥാനങ്ങളിൽ ഇലക്ട്രിസിറ്റി ചാർജ്ജു് ഈടാക്കുന്നതു്.

മലബാറിലെ പി. സി. സി. സൊസൈറ്റികൾ

* 405. [12] ശ്രീ പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷനിംഗു് ഉണ്ടായിരുന്നപ്പോൾ മലബാറിലെ പി. സി. സി. സൊസൈറ്റികൾ അരിവില്പന വകയിൽ കൂടുതൽ പിരിച്ചതും സംസ്ഥാന പുനഃസംഘടനയ്ക്കു മുമ്പു് മദ്രാസു് ഗവണ്മെന്റുവശം ഇരിക്കുന്നതുമായ സംഖ്യകൾ കേരളത്തിനു വരാനുള്ളതു് (വിഹിതം) തിട്ടപ്പെടുത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) എത്ര സംഖ്യയാണു് ആ ഇനത്തിൽ നമുക്കു കിട്ടാനുള്ളതു് ;

(സി) നാട്ടിക പി. സി. സി. സൊസൈറ്റി പിരിച്ചെടുപ്പിച്ച സംഖ്യ എത്രയാണെന്നു പറയാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഉണ്ടു്.

(ബി) 6,20,523 രൂപ 75 നയാപൈസ.

(സി) 1,75,817 രൂപ 83 നയാപൈസ.

ശ്രീ. എം. നാരായണക്കുറുപ്പു്: ആറു് ലക്ഷത്തിലധികം രൂപ ഇനിയും കിട്ടാനുണ്ടെന്നു പറഞ്ഞു. ആ സംഖ്യ തിരിയെ കിട്ടുന്നതിനെപ്പറ്റി ഒരു തീരുമാനം എടുക്കാൻ ഇത്ര കാലതാമസം വരാനുള്ള കാരണം എന്താണു് ?

ശ്രീ. ഈ പി. പൗലോസു്: ആദ്യം മദ്രാസും, മൈസൂറും, ആന്ധ്രായുമായി അപ്പോർഷൻ ചെയ്തു. അങ്ങനെ അപ്പോർഷൻ ചെയ്തപ്പോൾ മദ്രാസു് മൂന്നുലക്ഷത്തോളവും ആന്ധ്രാ രണ്ടു ലക്ഷത്തോളവും, മൈസൂർ ആറായിരത്തോളവും എന്നു വിഭജിച്ചു. എന്നാൽ വീണ്ടും കേരളവും മദ്രാസുമായി റീഓർഗനൈസേഷൻ വന്നതിന്റെ ഫലമായി ഒന്നുകൂടി വിഭജിക്കേണ്ടിവന്നു. അതിന്റെ ഫലമായി എഴുത്തുകുത്തുകളും നടത്തേണ്ടിവന്നതുകൊണ്ടാണു് കാലതാമസമുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly